C 4037 (Pages : 3) Name.......................................

Reg. No...................................

# SECOND SEMESTER (CUCBCSS–UG) DEGREE EXAMINATION APRIL 2021

Malayalam (B.Com./B.B.A.)

MAL 2A 02 (1)—MALAYALA SAHITHYA PADANAM – II

(2017 Admissions)

Time : Three Hours Maximum : 80 Marks

I. ഒറ്റവാക്കിൽ ഉത്തരമെഴുതുക.

1 "രാവണൻ ഒരല്പായുസ്സിൽ അറ്റുപോകുന്ന പൂമ്പാറ്റയല്ല. രാവണൻ പരമ്പരയാണ്" എന്നു പറഞ്ഞതാര് ?

2 'മഗ്ദലനമറിയം' ആരു രചിച്ചതാണ് ?

3 'അടുക്കളയിൽ നിന്നരങ്ങത്തേക്ക്' എന്ന നാടകം രചിച്ചതാര് ?

4 പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ ഓർമ്മക്കുറിപ്പുകളുടെ പേരെന്ത് ?

5 'അവിഘ്നമസ്തു' എന്ന കാവ്യ നാടകം രചിച്ചതാര് ?

6 'തീർണ്ണ ക്ലേശനാമവിടെയ്ക്കും നീരുറന്നിതോ കണ്ണിൽ'— നീരുറന്നത് ആരുടെ കണ്ണിൽ ?

7 ദയാബായിയെക്കുറിച്ചുള്ള ഡോക്യുമെന്ററി സംവിധാനം ചെയ്തതാരാണ് ?

8 1999 ലെ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ലഭിച്ച കൃതി.

9 ലളിതാംബിക അന്തർജ്ജനം രചിച്ച നോവൽ.

10 മലയാളത്തിലെ ആദ്യത്തെ ചെറുകഥയേത് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.

11 "പകർന്നൂ ഭാവം പെട്ടെന്നക്കാല രുദ്രാകാര-

ന്നുതിർന്നുമിഴിയിൽ നിന്നെരിതീപ്പൊരി മേന്മേൽ"

—ആരുടെയാണ് ഭാവം പകർന്നത് ? കാരണമെന്ത് ?

12 ദയാബായിയുടെ പ്രവർത്തന മേഖല എവിടെയായിരുന്നു ?

13 "സത്യത്തെ അമർത്തിവെക്ക്വാ, അസത്യത്തിന്റെ സൂചനകൾ കൊടുക്ക്വാ അതാണ് ദൂതകർമ്മം എന്നാണല്ലോ ഇപ്പോ വല്യ വല്യ അംബാസഡർമാർ വരെ പറഞ്ഞോണ്ടു നടക്കണത് "—സന്ദർഭം വിശദമാക്കുക.

Turn over

80810



14 യമധർമ്മൻ നിന്റെ മുന്നിൽ മുട്ടു കുത്തിയപ്പോൾ നിനക്കുണ്ടായിരുന്ന ശക്തി, ആ ശക്തിയാണ് എല്ലാ വിജയങ്ങൾക്കും ആധാരമായിരുന്നതെന്ന് ഓർത്തു കൊൾക. പറഞ്ഞതാര് ? സന്ദർഭമേത് ?

15 എന്തു കുഴപ്പം ? എനിക്കു ആ മനുഷ്യനോട് ഒരു വെറുപ്പും തോന്നിയില്ല. അത്ര നല്ല മനുഷ്യൻ. പറയുന്നതാരെക്കുറിച്ച് ? ആർക്കാണ് വെറുപ്പു തോന്നാത്തത് ?

(5 × 2 = 10 marks)

III. നൂറ്റമ്പതു വാക്കിൽ കവിയാതെ അഞ്ചു ചോദ്യത്തിനുത്തരം എഴുതുക.

16 "കാലമിനിയുമുരുളും, വിഷുവരും
വർഷം വരും, തിരുവോണം വരും പിന്നെ
യോരോ തളിരിനും പൂവരും കായ് വരും അപ്പോ-
ളാരെന്നും മെന്തെന്നുമാർക്കറിയാം"

—സന്ദർഭവും സാരസ്യവും വിശദമാക്കുക.

17 "വള്ളത്തോളിന്റെ ശകുന്തള ഭാരത സ്ത്രീകളെക്കുറിച്ചുള്ള പാവനമായ ആദർശം കാത്തു സൂക്ഷിക്കുന്ന സ്വഭാവശക്തിയ്ക്കുടമയാണ് "—വിശദമാക്കുക.

18 "അമ്മ കരഞ്ഞു. തല തല്ലിക്കരഞ്ഞു, തനിക്ക് ഇങ്ങനെയൊരു മകളേ ഉണ്ടാവാതിരുന്നെങ്കിൽ . . . . . . . എനിക്കിനി മകളേയില്ല". ഇങ്ങനെ പറയാനിടയായ സാഹചര്യമെന്ത് ? ആരുടെ അമ്മയാണ് കരഞ്ഞത് ?

19 "പെണ്ണുങ്ങൾക്ക് കല്യാണമാലോചിക്കുമ്പോൾ ഇപ്പോഴെന്നെ 'കെട്ടീക്കണ്ട' എന്നു പറയും. അതു പോലെയാണ് അപ്പനത് കണ്ടത് " ഏത് ?

20 "ഹ്യൂമൺ ബീയിങ്ങ്സ്, യു കേൻ എക്സ്പ്ലെയിൻ . . . . . . . . . . . . . ബട്ട് നോട്ട് ഹ്യൂമൻ ലൈഫ് " സന്ദർഭം വിവരിക്കുക.

21 വിഭ്രാമകമായ പരിണാമഗുപ്തി പുനത്തിലിന്റെ കഥയുടെ സവിശേഷതയാണ്. സമർത്ഥിക്കുക.

22 "ആത്മനാശത്തിനുള്ള ആയുധം അറിഞ്ഞു കൊണ്ട് അച്ഛൻ ശത്രുവിന് സമ്മതിച്ചതാണ് "—എന്താണ് ആത്മനാശത്തിനുള്ള ആയുധം ? വിശദമാക്കുക.

(5 × 5 = 25 marks)

IV. മുന്നൂറു വാക്കിൽ കവിയാതെ **നാലെണ്ണത്തിന്** ഉത്തരമെഴുതുക.

23 ഉത്തരവാദിത്ത ബോധവും പ്രായോഗിക ബുദ്ധിയും ചേർന്ന് തീർത്തും സഫലമാക്കിയ മനുഷ്യസ്നേഹ ത്തിന്റെ കഥയാണ് 'ഒട്ടുചെടി'—സാധുത പരിശോധിക്കുക.

24 'ലങ്കാലക്ഷ്മി ' രാവണന്റെ കഥയെ അതിന്റെ സമസ്ത ഉജ്ജ്വലതയോടെയും പകർത്തിക്കാണിക്കുന്നുണ്ട്. വിലയിരുത്തുക.

25 ഭാവരൂപ ശിൽപ്പങ്ങളെ കലാപരമായി സമന്വയിപ്പിക്കുന്ന വള്ളത്തോളിന്റെ ഏറ്റവും മികച്ചു നിൽക്കുന്ന കൃതിയാണ് 'അച്ഛനും മകളും'— പരിശോധിക്കുക.

80810

26 "മനുഷ്യ മഹത്വത്തിന്റെ മൂല്യബോധവും വിലക്കുകളില്ലാത്ത നിശ്ശേഷലയവും ഗ്രാമീണ മുഗ്ദ്ധതയിലേക്ക് ഗൃഹാതുരതയോടെയുള്ള തിരിഞ്ഞു നോട്ടവുമാണ് 'സഫലമീയാത്ര'യിലുള്ളത്. വിശദമാക്കുക.

27 ചടുലതയിലൂടെ രൂപം കൊള്ളുന്ന അന്യാദൃശത്വമാണ് ജി. കുമാരപിള്ളയുടെ കവിതകളെ ശ്രദ്ധേയ മാക്കുന്നത്. അഭിപ്രായം വിലയിരുത്തുക.

28 ആധുനിക മലയാള കഥാസാഹിത്യത്തിലെ കലാപത്തിന്റെയും നിഷേധത്തിന്റെയും പ്രതിനിധാന മായിരുന്നു പുനത്തിലിന്റെ കഥകൾ. സാധുത പരിശോധിക്കുക.

(4 × 10 = 40 marks)

75880

C 4036 (Pages : 3) Name.......................................

Reg. No...................................

# SECOND SEMESTER (CUCBCSS–UG) DEGREE EXAMINATION APRIL 2021

Malayalam (B.Com./B.B.A.)

MAL 2A 02 (1)—MALAYALA SAHITHYA PADANAM – II

(2014 Admissions)

Time : Three Hours Maximum : 80 Marks

I. ഒറ്റവാക്കിൽ ഉത്തരമെഴുതുക.

1 ലളിതാംബിക അന്തർജ്ജനത്തിന് വയലാർ അവാർഡ് നേടിക്കൊടുത്ത കൃതി ഏത് ?

2 ഏത് ഇതിഹാസകൃതിയെ അവലംബിച്ചാണ് സി.എൻ. ശ്രീകണ്ഠൻ നായർ നാടകത്രയം രചിച്ചത് ?

3 സി.ജെ. വിദ്യാർത്ഥിനിയായ റോസിക്കിട്ട കുസൃതിപ്പേര് എന്തായിരുന്നു ?

4 'മറക്കുടയ്ക്കുള്ളിലെ മഹാനരകം' എന്ന നാടകം എഴുതിയതാര് ?

5 ഏതു ദിവസമാണ് ഹിരോഷിമാ ദിനമായി ആചരിക്കുന്നത് ?

6 "സാഹചര്യങ്ങൾക്കനുസരിച്ച് പെരുമാറാനാണ് ഞങ്ങൾ പുതിയ പെൺകുട്ടികൾക്കിഷ്ടം"—ആരാണ് ഇങ്ങനെ പറഞ്ഞത് ?

7 "എത്തിനോക്കുന്നു വാതായനം വഴി"—ആര് ?

8 എം.കെ. സാനു രചിച്ച ചങ്ങമ്പുഴയുടെ ജീവചരിത്രത്തിന്റെ പേരെന്ത് ?

9 കന്നുകാലിപ്രണവം ആലപിക്കുന്ന കൃഷിക്കാരൻ ആരാണ് ?

10 "കഴിയുന്ന ഈ നൂറ്റാണ്ടിന്റെ പകുതിയായപ്പോഴേക്കു തന്നെ ഗ്രാമത്തിലെ ഒരു പ്രധാന ഉത്സവം അപ്രത്യക്ഷമായി"—ഏതുത്സവം ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.

11 "കൈകസിയുടെ വയറ്റിൽ ഈ പുഴുത്ത ഇറച്ചിക്കഷണം എങ്ങനെ പിറന്നു "—ആരെക്കുറിച്ചുള്ളതാണ് ഈ പരാമർശം ? സൂചിതമെന്ത് ?

12 ആദിമഗോത്രക്കാർ അവരുടെ 'ബസ്തി'കൾ രൂപപ്പെടുത്തിയത് എന്തിന്റെ അടിസ്ഥാനത്തിലാണ് ?

13 കള്ളൻ പെൺകുട്ടിയോട് ആവശ്യപ്പെട്ട സഹായമെന്ത് ?

Turn over

75880

11105

75880



14 "ഇക്കുറി ശങ്കിക്കുന്നു വിളക്കിൻ മുന്നിൽ

തീർത്തും വ്യർഥമോ സന്ധ്യാദീപം"

—ഈ ആശങ്കയയുടെ അടിസ്ഥാനമെന്ത് ?

15 "ഏറെനാളേറെനാൾ നീണ്ടു നിൽക്കുന്നത-

ല്ലീരമ്യ വാസന്തഹാസം"

—വിവക്ഷിതമെന്ത് ?

(5 × 2 = 10 marks)

III. **അഞ്ചു** ചോദ്യത്തിന് നൂറ്റമ്പതു വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

16 "മൂവുലകങ്ങളിൽ അമൂല്യമായി ഏതൊന്നുണ്ടോ അത് ലങ്കയിലുണ്ടാകണം"—രാവണന്റെ ഈ അഭിലാഷം സഫലമായത് എങ്ങനെ ?

17 "നിന്ദയും ക്രൂരതയും നിറഞ്ഞ ജീവിതത്തെക്കാൾ എത്ര ഭേദമാണ് മരണം"—സന്ദർഭവും ആശയവും വ്യക്തമാക്കുക.

18 എം. ഗോവിന്ദനും സി.ജെ.യും തമ്മിലുണ്ടായിരുന്ന സൗഹൃദത്തെ റോസി തോമസ് ഓർത്തെടുക്കുന്നതെങ്ങനെ ?

19 "അത്ര എടുത്തുചാട്ടം ഇപ്പോഴേ വേണ്ട. കുറച്ചു ക്ഷമിക്കണം, ഒക്കെ വഴിയുണ്ടാകും"—ആരുടെ വാക്കുകൾ ? സന്ദർഭം എഴുതുക.

20 'പുതിയ വാതിലുകൾ' എന്ന കഥയിലെ കള്ളന്റെ പ്രത്യേകതയെന്ത് ?

21 "അത്രയ്ക്കപൂർണവും ശൂന്യവുമാകിലെ-

ന്തെത്രെ മധുരമീ ലോകം"

—ആശയം വിശദമാക്കുക.

22 "വാക്കുകളാൽ കരിംപുതപ്പേന്തുന്നു

വാസ്തവമനോഭാവം പലപ്പൊഴും"

—സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

(5 × 5 = 25 marks)

IV. **നാലു** ചോദ്യത്തിന് മുന്നൂറു വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

23 'ലങ്കാലക്ഷ്മി'യിലെ രാവണന്റെ സ്വഭാവത്തെ നിരൂപണം ചെയ്യുക.

24 സി.ജെ. യുടെ വ്യക്തിത്വ സവിശേഷതകൾ വെളിപ്പെടുത്തുന്നതിൽ റോസി തോമസിന്റെ ഓർമ്മക്കുറിപ്പ് എത്രത്തോളം വിജയിച്ചിട്ടുണ്ടെന്ന് പരിശോധിക്കുക.

75880

75880



25 ആദിവാസി ഗോത്രങ്ങൾക്കിടയിലെ പ്രവർത്തനത്തിലൂടെ ദയാബായി കൃഷിയെ ജൈവപരമായ തിരിച്ചറിവാക്കിയതെങ്ങനെ ? വിശദീകരിക്കുക.

26 ഔസേപ്പു മാപ്പിളയും കണ്ണനും തമ്മിലുള്ള ബന്ധത്തിൽ സ്ഫുരിക്കുന്ന വൈകാരികതലത്തിന്റെ സവിശേഷതകൾ സ്പഷ്ടമാക്കുക.

27 കാർഷിക സംസ്കൃതിയും ഉത്സവങ്ങളുമൊക്കെ വരും തലമുറയ്ക്കു നഷ്ടമാകുമെന്ന ഉൽക്കണ്ഠയാണ് എം.ടി. വാസുദേവൻ നായർ 'അഭയം തരുന്ന തുമ്പപ്പൂവ്' എന്ന ലേഖനത്തിൽ വെളിപ്പെടുത്തുന്നത് —സമർത്ഥിക്കുക.

28 മാതൃത്വത്തെ മാത്രമല്ല, ശൈശവത്തെ ആവിഷ്കരിക്കുന്നതിലും ബാലാമണിയമ്മയുടെ കാവ്യഭാവന മികവ് പ്രകടമാക്കുന്നു—'കളങ്കമറ്റ കൈ' എന്ന കവിതയെ മുൻനിർത്തി വിലയിരുത്തുക.

(4 × 10 = 40 marks)

75880

C 62516 (Pages : 2) Name..............................

Reg. No..............................

# SECOND SEMESTER DEGREE EXAMINATION, MAY 2019

(CUCBCSS–UG)

B.Com./B.B.A. Malayalam

MAL 2A 02 (1)—മലയാള സാഹിത്യപഠനം—II

MALAYALA SAHITHYA PADANAM—II

(2017 Admissions)

Time : Three Hours Maximum : 80 Marks

I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക :

1 'കാഞ്ചന സീത' എന്ന കൃതി എഴുതിയതാര് ?

2 ലളിതാംബിക അന്തർജ്ജനത്തിൻെറ ഏതു കൃതിക്കാണ് വയലാർ അവാർഡ് ലഭിച്ചത് ?

3 'ജീവച്ഛവങ്ങൾ' എന്ന കഥയിലെ സോനയുടെ ജോലി എന്തായിരുന്നു ?

4 ഫാക്ടറിയുടെ മണ്ണ് മാന്തിയപ്പോൾ കിട്ടിയതെന്ത് ?

5 റോസി തോമസ് ആരുടെ മകളായിരുന്നു ?

6 'വൈ ഷുഡ് യു ഗിവ് ഫാൾസ് പ്രോമിസ്സസ് ടു പീപ്പിൾ' ആരുടെ വാക്കുകൾ ?

7 എൻ.എൻ. കക്കാടിൻെറ യഥാർത്ഥ പേര് ?

8 'ബ്രഹ്മതേജസ്സിൽ കാമ്പ് ' എന്ന പരാമർശം ആരെക്കുറിച്ചാണ് ?

9 ദയാബായി നമുക്കു നൽകുന്ന ഉപദേശമെന്ത് ?

10 ആരും വിളിക്കാതെ കാരണം കാണാതെ

നാലഞ്ചു നാളിലേക്കെന്തിനായ് വന്നു നീ"

—ആരെക്കുറിച്ചാണ് ഈ വരികളിൽ സൂചിപ്പിക്കുന്നത് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക :

11 'ഞാനിന്നൊരു ധിക്കാരത്തിനു മുതിരുകയാണ് '—ആരുടെ വാക്കുകൾ ? ധിക്കാരമെന്ത് ?

12 ഓർമ്മയുടെ ഏടുകളിൽനിന്നും ആ ദിവസം മങ്ങാതെ ഒളിമിന്നിത്തെളിയുന്നു. പരാമർശം വിശദമാക്കുക.

13 സോനയ്ക്ക് അപ്പോൾ വല്ലാത്ത സങ്കടം തോന്നി—എപ്പോൾ ?

Turn over

14 'ലങ്ക ഇത്രയ്ക്ക് അനാഥമോ ?' സന്ദർഭവും ആശയവും വിശദമാക്കുക.

15 'എങ്ങും ജയിക്കുന്നധൃഷ്യമായന്ധമായ്
എന്നും ദുശ്ശാസനൻ മൃത്യുവിൻ വൈഭവം'

—വിശകലനം ചെയ്യുക.

(5 × 2 = 10 marks)

III. ഏതെങ്കിലും **അഞ്ചു** ചോദ്യത്തിന് നൂറ്റമ്പതു വാക്കിൽ കവിയാതെ ഉത്തരമെഴുതുക :

16 'തീർണ്ണക്ലേശനാമവിടേക്കും നീറുന്നിതോ കണ്ണിൽ' സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

17 'നിശ്ചലബ്രഹ്മമായ് കത്തുമീയോർമ്മയാൽ
ദുഃഖസത്യജ്ഞ സ്ഥിത പ്രജ്ഞമെൻ മനം'

—വിശദീകരിക്കുക.

18 ഓരോ ദൂതൻെറയും വിശ്വാസം അയാൾ ആദ്യത്തെവനാണെന്നാണ്. അത് ദൂതവംശത്തിൻെറ പരാധീനതയാണ്—ഈ വാക്കുകളുടെ സാംഗത്യമെന്ത് ?

19 'ഓരോ നിറംകൊണ്ടു നേരമളന്നും
ഓരോരവം കൊണ്ടു രൂപമറിഞ്ഞും'

—ആശയം വ്യക്തമാക്കുക.

20 ഒരിക്കലും എത്തേണ്ടിടത്ത് എത്താതെ പോയത് ഈ ലക്ഷ്യം മറക്കുന്ന സ്വഭാവം ഒന്നുകൊണ്ടു മാത്രമാണ്—വിശദമാക്കുക.

21 പരദാരങ്ങൾക്കു വേണ്ടിയുള്ള യുദ്ധം ലങ്കയ്ക്ക് എങ്ങനെ ശുദ്ധിയുള്ളതാവും ? സന്ദർഭം വിവരിച്ച് ആശയം വ്യക്തമാക്കുക.

22 റോസി തോമസ് സി.ജെ.യെ ആദ്യമായിക്കണ്ട രംഗം വിവരിക്കുക.

(5 × 5 = 25 marks)

IV. ഏതെങ്കിലും **നാല്** ചോദ്യത്തിന് മുന്നൂറു വാക്കിൽ കവിയാതെ ഉത്തരമെഴുതുക :

23 'ഒട്ടുചെടി' എന്ന ശീർഷകത്തിൻെറ ഔചിത്യം വിവരിക്കുക.

24 'ജോസ് ജോസഫിൻെറ മരണം' എന്ന കവിത മരണഭീതിയെ ആവിഷ്ക്കരിക്കുന്നു. വിശദമാക്കുക.

25 സി.എൻ. ശ്രീകണ്ഠൻ നായരുടെ 'ലങ്കാലക്ഷ്മി' ഒരു ദുരന്തനാടകമോ ? ചർച്ച ചെയ്യുക.

26 സി.ജെ.യുടെ ജീവിതത്തിലെ വിവിധ വശങ്ങളെക്കുറിച്ച് റോസി തോമസ് പറയുന്ന കാര്യങ്ങൾ ക്രോഡീകരിച്ചെഴുതുക.

27 'സഫലമീ യാത്ര' എന്ന കവിതയിലെ ജീവിത വീക്ഷണം വിശദമാക്കുക.

28 ഒറ്റപ്പെട്ടുപോയ ഒരു പിതാവിൻെറ സങ്കടങ്ങളെ ആക്ഷേപഹാസ്യ രൂപത്തിൽ അവതരിപ്പിക്കുന്നതിലൂടെ ഇന്നത്തെ സമൂഹത്തിനു നേരെയാണ് 'ദൂത് ' എന്ന കഥ വിരൽ ചൂണ്ടുന്നത്—ഉപന്യസിക്കുക.

(4 × 10 = 40 marks)

D 43117

(Pages : 3)

Name.........................................

Reg. No.....................................

# SECOND SEMESTER B.Com./B.B.A. DEGREE EXAMINATION, MAY 2018

(CUCBCSS–UG)

Common Course—Malayalam

Mal 2A 02 (1)—MALAYALA SAHITHYA PADANAM–II

(2017 Admissions)

Time : Three Hours

Maximum : 80 Marks

I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക :

1 'ശിഷ്യനും മകനും' ആരുടെ കൃതി ?

2 ഒരാളുടെ ജീവിത കഥ അയാൾ തന്നെ എഴുതുന്നത് - ആണ്.

3 'നന്ദി തിരുവോണമേ നന്ദി' ആരെഴുതിയതാണ് ?

4 ദയാബായിയുടെ യഥാർത്ഥ പേരെന്ത് ?

5 സേതുവിൻെറ ആദ്യ ചെറുകഥ.

6 'വാസ്തുഹാര' ആരുടെ ചെറുകഥാസമാഹാരമാണ് ?

7 'മലമുകളിലെ അബ്ദുള്ള' എഴുതിയതാര് ?

8 റോസി തോമസിൻെറ പിതാവാര് ?

9 'സാകേതം' നാടകം രചിച്ചതാര് ?

10 'മറക്കുടയ്ക്കുള്ളിലെ മഹാനരകം' ആരെഴുതിയതാണ് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക :

11 'ജോസ് ജോസഫിൻെറ മരണം' എന്ന കവിതയെഴുതാനിടയായ സാഹചര്യമെന്ത് ?

12 "താന്തോന്നിത്തം എന്നുമാത്രം കരുതിയിരുന്ന ഈ മഹാപരിഷ്കരണത്തെ ആദ്യമായി കൈനീട്ടി സ്വീകരിച്ച് അഭിനന്ദിച്ചത് ശ്രീ മന്ദത്തു പത്മനാഭനായിരുന്നു എന്ന് കൃതജ്ഞതയോടെ ഞാൻ സ്മരിക്കുന്നു". ആരാണ് സ്മരിക്കുന്നത് ? ഏതായിരുന്നു മഹാപരിഷ്കരണം ?

Turn over

13 നാമിജ്ജനലിലൂടെതിരേല്ക്കും, ഇപ്പഴയൊ-

രോർമ്മകളൊഴിഞ്ഞ താലം, തളർന്നൊട്ടു

വിറയാർന്ന കൈകളിലേന്തി, യതിലൊറ്റ

മിഴിനീർ പതിക്കാതെ മനമിടറാതെ

—എതിരേൽക്കുന്നതെന്തിനെ ? വിവരിക്കുക.

14 "പതിന്നാലു വയസ്സായപ്പോഴേക്കും ഞാൻ തനി നിരീശ്വരനായി മാറിക്കഴിഞ്ഞു"—ആരാണ് നിരീശ്വരനായത് ? കാരണമെന്ത് ?

15 "ഈ പ്രായത്തില് യാത്ര പോകുന്നവരോട് എങ്ങോട്ടെന്ന് ചോയ്ക്കണത് വെറും ഭോഷ്ക്കല്ലേ ചങ്ങാതി, ഒരു നീണ്ട യാത്രയാന്നന്നെ നിരീച്ചോളൂ"—ആര് ? ആരോട് പറഞ്ഞു ?

(5 × 2 = 10 marks)

III. നൂറ്റമ്പതു വാക്കിൽ കവിയാതെ **അഞ്ചു** ചോദ്യത്തിന് ഉത്തരമെഴുതുക :

16 ദയാബായിയുടെ 'പ്രകൃതിക്ക് കൊടുക്കുക' എന്ന പാഠഭാഗത്തിൻെറ സമകാല പ്രസക്തിയെന്ത് ?

17 "കലയുടെ വളർച്ചക്ക് അത്യാവശ്യമായി വേണ്ടത് സ്വാതന്ത്ര്യം, സ്വന്തമായ ഒരു ഭവനം, സ്നേഹം, സുഹൃത്തുക്കൾ ഇതൊക്കെ ലഭിച്ചില്ലെങ്കിൽ നാം എന്തായിപ്പോകുന്നു ?"—ആര് പറഞ്ഞു ? സാഹചര്യമെന്ത് ?

18 "ധ്യാനത്തിലുൾച്ചേരുന്നാ സച്ചിദാനന്ദംതാനോ

മാനിച്ചീയിളം പുമൈ പുല്കലിലുളവായൊ-

രാനന്ദമിതോ ഭവാന്നധികം സമാസ്വാദ്യം" ?

—കവി ഇങ്ങനെ ചോദിക്കാനിടയായതെന്തുകൊണ്ട് ?

19 "സർ, ബട്ട് ഒൺലി ഡിഫറൻസ് ഈസ് ഹീ ഈസ് എ ലിവിങ് കേഡവർ"—ആരെക്കുറിച്ചാണിങ്ങനെ പറയുന്നത് ? എന്തുകൊണ്ട് ?

20 "പക്ഷേ ആ കണ്ണീർ ദുഃഖത്തിൻെറതായിരുന്നില്ല. താൻ പിടിപ്പിച്ച ഒട്ടുചെടിയുടെ വീറിനെക്കുറിച്ചോർത്തപ്പോൾ തോന്നിയ ആനന്ദം ; അതൊന്നു മാത്രം"—സന്ദർഭം വിശദമാക്കുക.

21 "മയൻ എവിടെപ്പോയാലെന്ത് ? ഇതോ ശില്പനിർമ്മിതിക്കവസരം"—ആരുടെ വാക്കുകൾ ? സന്ദർഭമേത് ?

22 "സ്നേഹിക്കുന്ന ഒരു പെണ്ണിനുവേണ്ടി ഒരു പുരുഷൻ ഇത്രെയുമൊക്കെ മറ്റുള്ളവരുടെ മുമ്പിൽ തലകുനിക്കണോ ?"—അഭിപ്രായം ആരുടേത് ? കാരണമെന്ത് ?

(5 × 5 = 25 marks)

IV. 300 വാക്കിൽ കവിയാതെ **നാലു** ചോദ്യങ്ങൾക്കുത്തരം എഴുതുക :

23 ലങ്കാലക്ഷ്മി ചലിക്കുന്ന ദൃശ്യങ്ങളുടെ നിരന്തര ശൃംഖലയാണ്. നാടകമെന്ന കല ഇവിടെ പൂർണ്ണ സാഫല്യം നേടുന്നു—ചർച്ച ചെയ്യുക.

24 ഭാവരൂപ ശിൽപങ്ങളെ കലാപരമായി സമന്വയിക്കുന്നതിൽ ഏറ്റവും മികച്ചു നിൽക്കുന്ന കൃതിയാണ് 'അച്ഛനും മകളും'—പ്രസ്താവത്തിൻെറ സാധുത പരിശോധിക്കുക.

25 വൈയക്തിക തലത്തിനപ്പുറം കവിയുടെ കാവ്യജീവിത വൃത്തിയുടെ സഫലതയും ധ്വനിപ്പിക്കുന്ന കവിതയാണ് 'സഫലമീ യാത്ര'—വിശദമാക്കുക.

26 സി.ജെ. തോമസിൻെറ വ്യക്തിത്വത്തിൻെറ ദുർബ്ബലതകളെയും മനോഹാരിതകളെയും വളരെ തന്മയത്വത്തോടെ അവതരിപ്പിക്കാൻ റോസിതോമസിനു കഴിഞ്ഞിട്ടുണ്ട്. ചർച്ച ചെയ്യുക.

27 ലക്ഷ്യത്തിനും മാർഗത്തിനുമിടയിലുള്ള കെട്ടുപാടുകളിൽ കുടുങ്ങിക്കിടന്നുകൊണ്ട് മനുഷ്യൻ നടത്തുന്ന വ്യർത്ഥമായ അഭയാന്വേഷണമാണ് 'ദൂതി'ൽ കാണുന്നത്. അഭിപ്രായം വിലയിരുത്തുക.

28 വിഭ്രാമകമായ ഒരു പരിണാമഗുപ്തി പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ കഥാലോകത്തിൻെറ സവിശേഷതയാണ്. വിശദമാക്കുക.

(4 × 10 = 40 marks)

**D 43116** (Pages : 3) Name..............................

Reg. No..............................

**SECOND SEMESTER B.Com./B.B.A. DEGREE EXAMINATION, MAY 2018**

(CUCBCSS–UG)

Common Course—Malayalam

Mal 2A 02 (1)—MALAYALA SAHITHYA PADANAM–II

(2014—2016 Admissions)

Time : Three Hours Maximum : 80 Marks

I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക :

1 ലളിതാംബിക അന്തർജനം എഴുതിയ നോവൽ ഏത് ?

2 അമ്പാഴത്തേൽക്കാരുടെ വളർത്തു നായയുടെ പേരെന്ത് ?

3 വിദ്യാർത്ഥിനിയായിരുന്ന കാലത്ത് റോസിയെ സി.ജെ. ഏതു കുസൃതിപ്പേരിലാണ് വിളിച്ചിരുന്നത് ?

4 രാമായണ നാടകമായ കാഞ്ചനസീതയുടെ കർത്താവാര് ?

5 വിഷുക്കാല ഓർമ്മകളുടെ വെളിച്ചത്തിൽ എം.ടി. എഴുതിയ കഥ ഏതാണ് ?

6 'ആലാഹയുടെ പെൺമക്കൾ' എന്ന നോവൽ എഴുതിയതാര് ?

7 "എല്ലാവരും ഇങ്ങനെ സഹകരിച്ചിരുന്നെങ്കിൽ ഞങ്ങളുടെ പണി എത്ര എളുപ്പമാവുമായിരുന്നു ?" —എന്തു പണിയെക്കുറിച്ചാണ് സൂചിപ്പിക്കുന്നത് ?

8 ഭൂമിയിലെ ജലസാന്നിദ്ധ്യം അന്വേഷിക്കുന്ന പരമ്പരാഗത രീതിക്കു പറയുന്ന പേരെന്ത് ?

9 നക്ഷത്രക്കുരുന്നുകൾ വാതായനം വഴി എത്തി നോക്കുന്നത് ആരെ ?

10 ഓഗസ്റ്റ് ആറ് എന്ന ദിവസത്തിൻെറ പ്രത്യേകതയെന്ത് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക :

11 "പൂമ്പാറ്റയെ കഴുത്തിറുക്കി കൊല്ലുകയാണല്ലോ കുട്ടികൾക്കു കൗതുകം"—സൂചിതമെന്ത് ?

12 ചിന്ത്വാഡയിലെ ആദിവാസികളായ ഗോണ്ടുകൾ കുന്നുകൾക്കു മുകളിൽ വീടുവച്ചു കൂടിയതെന്തിന് ?

**Turn over**

13 സി.ജെ.യ്ക്ക് റോസി അയച്ച ആദ്യ കത്തിൻെറ പ്രത്യേകത എന്തായിരുന്നു ?

14 സന്ധ്യാദീപം വ്യർത്ഥമെന്ന് കവയിത്രി കരുതുന്നതെന്തുകൊണ്ട് ?

15 "ഇല്ല വിടില്ലൊരു കൈയൊന്നു നോക്കാതെ

വെല്ലുവിളിപ്പൂ ഞാൻ നിന്നെ"

—ആരെ ? എന്തിന് ?

(5 × 2 = 10 marks)

III. അഞ്ചു ചോദ്യത്തിന് 150 വാക്കിൽ കവിയാതെ ഉത്തരമെഴുതുക :

16 ഹിറ്റ്ലറുടെ തടങ്കൽപാളയത്തെക്കാൾ കഷ്ടമായ അവസ്ഥയാണ് നമ്പൂതിരി സ്ത്രീകൾ അനുഭവിച്ചിരുന്നത് എന്നു പറയുവാൻ കാരണമെന്ത് ?

17 സീതാപഹരണത്തെ രാവണൻ ന്യായീകരിക്കുന്നത് എങ്ങനെ ?

18 ഓ ! ഇത്രയേയുള്ളോ ? അതിനാണോ ഈ റിവോൾവറും കുന്തവുമൊക്കെ ? വക്താവാര് ? സന്ദർഭം വിശദമാക്കുക.

19 ബറുൾ ഗ്രാമത്തിലെ കർഷകർ അവലംബിച്ചിരുന്ന പ്രകൃത്യനുകൂലമായ ജലസംരക്ഷണ മാർഗ്ഗങ്ങൾ എന്തൊക്കെയായിരുന്നു ?

20 "നിന്ദയും ക്രൂരതയും നിറഞ്ഞ ജീവിതത്തെക്കാൾ എത്ര ഭേദമാണ് മരണം"—ഈ വിചാരത്തിൻെറ കാരണമെന്ത് ?

21 "നാൽചുവർക്കൂട്ടിനെന്തു സുരക്ഷ ? ആകാശത്തിൽ

കൂർത്ത മുഖം കാട്ടാം പയ്യനോ മറ്റാരാനോ"

—ആശയം വ്യക്തമാക്കുക.

22 "മന്ദാരമാല്യമെൻ കണ്ഠത്തിൽ ചാർത്തുമ്പോൾ

മന്ദഹസിക്കണേ നിങ്ങൾ"

—കവി വിവക്ഷയെന്തെന്നു വ്യക്തമാക്കുക.

(5 × 5 = 25 marks)

IV. നാലു ചോദ്യത്തിന് 300 വാക്കിൽ കവിയാതെ ഉത്തരമെഴുതുക :

23 അനിവാര്യവും ആസന്നവുമായ ദുരന്തത്തെ തികഞ്ഞ മനക്കരുത്തോടെ ഏറ്റുവാങ്ങുന്ന വീരനായകനാണ് 'ലങ്കാലക്ഷ്മി'യിലെ രാവണൻ—നിരൂപിക്കുക.

24 റോസി തോമസിൻെറ ഓർമ്മക്കുറിപ്പിലൂടെ അനാവൃതമാകുന്ന സി.ജെ.യുടെ വ്യക്തിത്വ സവിശേഷതകൾ വിവരിക്കുക.

25 സമകാലികതയാണ് മലയാള ചെറുകഥയുടെ കരുത്ത്. 'പുതിയ വാതിലുകൾ', 'ഓരോ എഴുത്തുകാരിയുടെ ഉള്ളിലും' എന്നീ കഥകളെ മുൻനിർത്തി ഈ വാദത്തിന്റെ സാംഗത്യം പരിശോധിക്കുക.

26 മനുഷ്യത്വത്തിന്റെ മഹത്തരമായ തലം അനാവരണം ചെയ്യുന്ന കഥയാണ് 'ശബ്ദിക്കുന്ന കലപ്പ' ഉപപാദിക്കുക.

27 'അഭയം തേടുന്ന തുമ്പപ്പൂവ്' എന്ന ലേഖനത്തിലൂടെ എം.ടി. വാസുദേവൻ നായർ വെളിപ്പെടുത്തുന്ന സാംസ്കാരിക വിചാരത്തിന്റെ പ്രസക്തി വ്യക്തമാക്കുക.

28 ബാലാമണിയമ്മക്കവിതകളിൽ പ്രകടമാകുന്ന ശിശുപ്രകീർത്തനത്തിന് ഇന്ദ്രിയാതീതമായ വിതാനമുണ്ട് "—ചർച്ച ചെയ്യുക.

(4 × 10 = 40 marks)

**C 5565** (Pages : 2) Name.................................

Reg. No.................................

Arts & Science College
Kottakkal, Malappuram

# SECOND SEMESTER B.Com./B.B.A. DEGREE EXAMINATION, MAY 2016

(CUCBCSS–UG)

Common Course—Malayalam

MAL 2A 02 (1)—മലയാള സാഹിത്യപഠനം–II

Time : Three Hours Maximum : 80 Marks

I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക. ½ മാർക്കു വീതം :

1 ചങ്ങമ്പുഴയെ മലയാളത്തിലെ 'ഓർഫ്യൂസ് ' എന്ന് വിളിച്ചതാര് ?

2 'കൂപ്പുകൈ' എന്ന കവിതാ സമാഹാരം ആരുടേതാണ് ?

3 ആദ്യത്തെ വയലാർ അവാർഡ് നേടിയ കൃതി ഏത് ?

4 'പ്രകൃതിയ്ക്കു കൊടുക്കുക' എന്ന പാഠ്യഭാഗം എടുത്തിട്ടുള്ളത് ഏത് കൃതിയിൽ നിന്നാണ് ?

5 റോസി തോമസിൻെറ ആത്മകഥയുടെ പേര് എന്ത് ?

6 'നാടകത്രയ'ത്തിന് അവലംബമായ ഇതിഹാസം ഏത് ?

7 'ശബ്ദിക്കുന്ന കലപ്പ' എന്ന കഥയിലെ അവസേപ്പിൻെറ ഭാര്യയുടെ പേര് എന്ത് ?

8 'ഓരോ എഴുത്തുകാരിയുടെ ഉള്ളിലും' എന്ന കഥയിലെ നായിക സ്വസ്ഥത തേടി ആരുടെ വീട്ടിലേക്ക് പോകുവാനാണ് തീരുമാനിച്ചത് ?

9 'പുതിയ വാതിലുകൾ' എന്ന കഥയുടെ കർത്താവ് ആര് ?

10 "ആകാശത്തിൽ കൂർത്ത ദുർമുഖം കാട്ടാം 'പയ്യനോ' മറ്റാരാനോ"—പയ്യൻ ആരാണ് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്കു വീതം :

11 'അങ്ങനെയെങ്കിൽ കൂടപ്പിറപ്പിനെ വഞ്ചിച്ചു എന്ന കീർത്തി അവനിരിക്കട്ടെ"—ആരെ ഉദ്ദേശിച്ചാണ് ഈ പരാമർശം ?

12 "അവൻ തൻെറ ജീവൻെറ ജീവനായ ആ രക്ഷിതാവിനെ കാണാൻ തലപൊക്കി അവിടെയൊക്കെ നോക്കി"—ആര് ? എപ്പോൾ ?

13 "എഴുത്തുകാരുടെ ഗൗരവമുള്ള കൂടിച്ചേരലുകളിൽനിന്നും എൻെറ കൃതികൾ പുറന്തള്ളപ്പെട്ടു" —ആരുടെ ? എന്തുകൊണ്ട് ?

14 റോസി തോമസ് ആദ്യമായി സി.ജെ.യ്ക്ക് അയച്ച കത്തിൻെറ പ്രത്യേകത എന്ത് ?

15 "ഇത്രയും കാലമിതോർക്കാതെയെന്തിനു
തപ്ത ബാഷ്പത്തിൽ ഞാൻ മുങ്ങി"
—ഓർക്കാതിരുന്നത് എന്താണ് ?

(5 × 2 = 10 marks)

Turn over

III. നൂറ്റമ്പതു വാക്കിൽ കവിയാതെ ഏതെങ്കിലും **അഞ്ചു** ചോദ്യത്തിന് ഉത്തരമെഴുതുക. 5 മാർക്കു വീതം :

16 "ഒന്നു വാടീ മുഖാംബുജം ബാലനു,
പിന്നെയല്പം തുടുത്തൂ കവിൾത്തടം"

—സന്ദർഭവും ആശയവും വ്യക്തമാക്കുക.

17 "തീരാത്ത ദാഹം തീർത്തു
വിലസീ ജീവൻ കൊയ്യും
ദുർമ്മദം ദുശ്ശാസനം"

—സാരസ്യം വ്യക്തമാക്കുക.

18 കണ്ണനെ അവസേപ്പു ചേട്ടൻ വീണ്ടും വിലയ്ക്കു വാങ്ങാൻ ഇടയാക്കിയ സാഹചര്യം ഏത് ?

19 'പുതിയ വാതിലുകൾ' എന്ന കഥയിലെ നായിക, ഈ കാലത്ത് ജീവിക്കാൻ തികച്ചും ഫിറ്റാണെന്ന് കള്ളൻ പറയാൻ കാരണം എന്ത് ?

20 "ഈ മനുഷ്യന്റെ പൊതുവേയുള്ള വിഷാദാത്മകത്വത്തിന് ഒരു കാരണം ഇതായിരിക്കുമെന്നു ഞാനൂഹിച്ചു"—ആര് ? വിശദമാക്കുക.

21 മാവേലിക്കരയിൽ വെച്ചു നടന്ന നായർ സമ്മേളനത്തെ ലളിതാംബിക അന്തർജ്ജനം അനുസ്മരിക്കുന്നത് എപ്രകാരമാണ് ?

22 "അയാളോടൊപ്പം ചെലവഴിക്കുന്ന നാളുകളിൽ എന്റെ രചനകൾക്ക് ആഴവും പരപ്പും കൈവരുന്നു"—എന്തുകൊണ്ട് ?

(5 × 5 = 25 marks)

IV. മുന്നൂറു വാക്കിൽ കവിയാതെ ഏതെങ്കിലും **നാലു** ചോദ്യത്തിന് ഉത്തരമെഴുതുക. 10 മാർക്കു വീതം :

23 മണ്ണിനെ പ്രകൃതിയ്ക്ക് തിരിച്ചു കൊടുക്കുക എന്ന ആശയത്തെ ദയാബായി പ്രാവർത്തികമാക്കിയ തെങ്ങനെയെന്ന് വിശദമാക്കുക.

24 സൈബർ സംസ്ക്കാരം പുതിയ തലമുറയുടെ ജീവിത ചിന്താഗതികളെ എങ്ങനെ സ്വാധീനിക്കുന്നു വെന്ന് 'പുതിയ വാതിലുകൾ' എന്ന കഥയുടെ പശ്ചാത്തലത്തിൽ ചർച്ച ചെയ്യുക.

25 "ഒരു വേള നിർഭാഗ്യവാനായ തന്നെച്ചൊല്ലി ആ കുടുംബം വേദനിക്കുന്നത് കാണാതിരിക്കാ നായിരിക്കാം അവൻ കടന്നു കളഞ്ഞത്"—ആര് ? കുടുംബം വേദനിക്കാൻ ഇടയാക്കിയ സാഹചര്യം എന്ത് ?

26 'ആരാമത്തിലെ ചിന്തകൾ' എന്ന കവിതയെ അടിസ്ഥാനമാക്കി ചങ്ങമ്പുഴ കവിതകളുടെ പ്രത്യേകതകൾ നിരൂപിക്കുക.

27 രാവണ വിഗ്രഹത്തിലെ വാടാമലരാണ് മണ്ഡോദരി—ലങ്കാലക്ഷ്മിയെന്ന നാടകത്തെ അടിസ്ഥാനമാക്കി ചർച്ച ചെയ്യുക.

28 തെറ്റിദ്ധാരണകളുടെ ലോകത്തിൽ സി.ജെ. ഒരു ദേവനാണെന്ന് റോസി തോമസ് സമർത്ഥിക്കുന്ന തെങ്ങനെ ? ഉപന്യസിക്കുക.

29 ബാലാമണിയമ്മയുടെ കവിതകളിലെ ശിശു പ്രകീർത്തനം കേവലം ഇന്ദ്രിയാധിഷ്ഠിതമല്ല എന്ന നിരീക്ഷണം 'കളങ്കമറ്റ കൈ' എന്ന കവിതയ്ക്ക് എത്രത്തോളം യോജിക്കുമെന്ന് ചർച്ച ചെയ്യുക.

(4 × 10 = 40 marks)

C 82070 (Pages : 3)

Name.........................................

Reg. No.....................................

Arts & Science College ... P.O. ... puram

# SECOND SEMESTER B.Com. DEGREE (SUPPLEMENTARY/IMPROVEMENT) EXAMINATION, APRIL/MAY 2015

Common Course—Malayalam

MA 2A 09 (02)—മലയാള സാഹിത്യപരിചയം

(2011 Admission onwards)

Time : Three Hours Maximum : 30 Weightage

I. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഓരോന്നിൻെറയും മൂല്യം (വെയിറ്റേജ് ) ¼ :

(A) ഒറ്റ വാക്കിൽ ഉത്തരമെഴുതുക :

1 'എൻെറ ഭാഷ' എടുത്തിട്ടുള്ളത് ഏതു കവിതാ സമാഹാരത്തിൽ നിന്നാണ് ?

2 'കവിയുടെ കാല്പാടുകൾ' ആരുടെ ആത്മകഥാപരമായ രചനയാണ് ?

3 പത്മരാജൻ തിരക്കഥയെഴുതി സംവിധാനം ചെയ്ത അവസാന ചിത്രം.

4 'നെയ്പായസം' എന്ന കഥ എഴുതിയതാര് ?

(B) ബ്രാക്കറ്റിൽനിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക :

5 താഴെപ്പറയുന്നവയിൽ വി.കെ.എൻ. എഴുതിയ കൃതി ഏത് ?

(രണ്ടാമൂഴം, രണ്ടിടങ്ങഴി, പിതാമഹൻ, ഉമ്മാച്ചു.)

6 വൈലോപ്പിള്ളിയുടെ ആദ്യകവിതാസമാഹാരം ?

(കന്നിക്കൊയ്ത്ത്, മകരക്കൊയ്ത്ത്, വിട, കുന്നിമണികൾ.)

7 കുമാരനാശാൻ എഴുതിയ വിലാപകാവ്യം :

(കരുണ, ലീല, നളിനി, പ്രരോദനം.)

8 ഓട്ടൻതുള്ളലിൻെറ ഉപജ്ഞാതാവ് :

(ചെറുശ്ശേരി, കുഞ്ചൻനമ്പ്യാർ, വള്ളത്തോൾ, ഇരയമ്മൻതമ്പി.)

(C) പൂരിപ്പിക്കുക :

9 തച്ചൻെറ മകൾ ———— എഴുതിയ കവിതയാണ്.

10 'യന്ത്രം' എന്ന നോവൽ എഴുതിയത് ———— ആണ്.

11 കണ്വാശ്രമം ———— നദിയുടെ തീരത്താണ്.

12 പെരുവഴിയമ്പലത്തിലെ വില്ലൻെറ പേര് ———— എന്നാണ്.

(12 × ¼ = 3 weightage)

**Turn over**

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. ഓരോന്നിൻെറയും മൂല്യം (വെയിറ്റേജ് ) 1 :

13 ശകുന്തള വളർത്തി പരിപാലിച്ച മുല്ലവള്ളിയുടെയും മാൻകുട്ടിയുടെയും പേരെന്ത് ?

14 ഹൃത്തിൽപ്പതിയേണമെങ്കിൽ സ്വഭാഷതൻ
വക്ത്രത്തിൽനിന്നുതാൻ കേൾക്കവേണം

—എന്തൊക്കെ ഹൃത്തിൽപ്പതിയുന്ന കാര്യമാണ് ഇവിടെ സൂചിപ്പിക്കുന്നത് ?

15 തന്നിലക്കുമ്പിൾ മലരാൽ നിറയ്ക്കുമ-
പ്പൊന്നോണനാളു തിരിച്ചു വരില്ലിനി

—ഈ നിരാശയുടെ ഉറവിടമെന്ത് ?

16 മഴക്കാലം കെണിക്കാലമാണെന്ന് കവി പറയുന്നതെന്തുകൊണ്ട് ?

17 ഗൗരിഗാത്രത്തെങ്ങ് നന്നായി കായ്ക്കുന്നുണ്ടെന്നറിഞ്ഞപ്പോൾ രഘുവിൻെറ മാനസികാവസ്ഥ എന്തായിരുന്നു ?

18 ചെറുപ്പക്കാരിയുടെ ചങ്ക് ആ പ്രാവിൻെറ ചങ്കുപോലെ മിടിച്ചു—എപ്പോൾ ?

19 ശിവദാസിനെ വിചിത്ര മനുഷ്യൻ എന്ന് കഥാകൃത്ത് വിശേഷിപ്പിക്കുന്നതെന്തുകൊണ്ട് ?

20 'തരിശുനില'ത്തിലെ യുവതി കാമുകനോട് അവസാനമായി ആവശ്യപ്പെട്ടതെന്ത് ?

21 പ്രഭാകരൻപിള്ള നാട്ടിൻെറ ദുഷ്പേരാണെന്ന് പറയാൻ കാരണമെന്ത് ?

(9 × 1 = 9 weightage)

III. ഏതെങ്കിലും **അഞ്ചു** ചോദ്യത്തിന് ഓരോ ഖണ്ഡികയിൽ ഉത്തരമെഴുതുക. ഓരോന്നിൻെറയും മൂല്യം (വെയിറ്റേജ് ) 2 :

22 മുറ്റും കറവു കഴിഞ്ഞു കയറൂരി
വിട്ട പശുക്കളായ് ഗ്രാമങ്ങളൊക്കെയും

—ആശയഭംഗി വ്യക്തമാക്കുക.

23 മലയാളഭാഷ ദരിദ്രയല്ലെന്ന് കവി സമർത്ഥിക്കുന്നതെങ്ങനെ ?

24 'ഊഞ്ഞാലിൽ' എന്ന കവിതയിൽ പരാമർശിക്കപ്പെട്ടിരിക്കുന്ന അഭിജ്ഞാന ശാകുന്തള കഥാസന്ദർഭങ്ങളേയും കഥാപാത്രങ്ങളേയും പരിചയപ്പെടുത്തുക.

25 എനിക്കു വയ്യാ ഇവിടെ നിൽക്കാൻ. ഇതൊരു നാണംകെട്ട സ്ഥലമാ—ആരാണിതു പറയുന്നത് ? എന്താണ് നാണക്കേട് ?

26 പക്ഷേ, അതിൽപ്പിന്നെ ഇന്നുവരെ എൻെറ ഭാര്യയല്ലാതെ വേറേ ഭാര്യവീട്ടുകാരാരും എന്നെ സമീപിച്ചിട്ടില്ല—സന്ദർഭം, സൂചിത സംഭവം ഇവ വിവരിക്കുക.

27 പ്രഭാകരൻപിള്ളയുടെ വരവ് ഗ്രാമവാസികളിലുണ്ടാക്കിയ പ്രതികരണമെന്ത് ?

28 അമ്മ സഹതാപപൂർവ്വം രഘുവിനെ നോക്കി. എന്തായിരുന്നു ആ സഹതാപത്തിൻെറ കാരണം ?

(5 × 2 = 10 weightage)

IV. ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോന്നിൻെറയും മൂല്യം (വെയിറ്റേജ് ) 4 :

29 പ്രാദേശികതയുടെ ചെത്തവും ചൂരുമുള്ള തിരക്കഥയാണ് 'പെരുവഴിയമ്പലം'—വിശദീകരിക്കുക.

30 സമുദായത്തിലെ ഉന്നത തലങ്ങളിലെ യാന്ത്രികമായ കുടുംബ ജീവിതത്തിൻെറ വൈകൃതങ്ങൾ ഉള്ളിൽത്തട്ടുമാറ് ചിത്രീകരിച്ചിരിക്കുന്ന കൃതിയാണ് 'വേരുകൾ'—ചർച്ച ചെയ്യുക.

31 സംസ്കാര രൂപീകരണത്തിൽ മാതൃഭാഷ വഹിക്കുന്ന പങ്കിനെക്കുറിച്ച് 'എൻെറ ഭാഷ' എന്ന കവിതയെ ആധാരമാക്കി വിവരിക്കുക.

(2 × 4 = 8 weightage)

C 62634 (Pages : 3) Name.............................

Reg. No.............................

Farook Arts & Science College, Kottakkal, Malappuram — Acc. No

**SECOND SEMESTER B.Com. DEGREE EXAMINATION, MAY 2014**

(UG–CCSS)

Common Course—Malayalam

MA 2A 09 (02)—**മലയാള സാഹിത്യപരിചയം**

(2011 Admission onwards)

Time : Three Hours Maximum Weightage : 30

I. **എല്ലാ** ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഓരോന്നിൻെറയും മൂല്യം (വെയിറ്റേജ് ) ¼ :

(A) ഒറ്റ വാക്കിൽ ഉത്തരമെഴുതുക :

1 ഉമ്മാച്ചു എന്ന നോവൽ എഴുതിയതാര് ?

2 മലയാറ്റൂർ രാമകൃഷ്ണന് വയലാർ അവാർഡ് നേടിക്കൊടുത്ത കൃതി ?

3 പത്മരാജൻെറ ആദ്യതിരക്കഥ ?

4 പയ്യൻകഥകളുടെ സ്രഷ്ടാവാര് ?

(B) ബ്രാക്കറ്റിൽനിന്നും ശരിയുത്തരം എടുത്തെഴുതുക :

5 'കണ്വമാമുനിയുടെ കന്യയാമാരോമലാൾ' ആരാണ് ?

(a) സീത. (b) ശകുന്തള.

(c) ദ്രൗപദി. (d) മേനക.

6 'ദൽഹി ഗാഥകൾ' എഴുതിയത് :

(a) വി.കെ.എൻ. (b) എം. മുകുന്ദൻ.

(c) കാക്കനാടൻ. (d) സേതു.

7 രാമൻ ഒളിവിൽ താമസിക്കാനെത്തിയ വീടിൻെറ ഉടമസ്ഥ :

(a) ലക്ഷ്മി. (b) ഭാഗ്യം.

(c) ദേവയാനി. (d) ഇവരൊന്നുമല്ല.

8 മാഞ്ഞുമറഞ്ഞ പൂക്കാലം എന്ന കവിതയിലെ മുഖ്യ വൈകാരികാനുഭവം :

(a) സ്നേഹം. (b) ഗൃഹാതുരത്വം.

(c) ആഹ്ലാദം. (d) പ്രണയം.

(C) പൂരിപ്പിക്കുക :

9 എൻെറ ഭാഷ എഴുതിയിരിക്കുന്നത് ———— എന്ന വൃത്തത്തിലാണ്.

10 'ഡാക്കു' എന്ന വാക്കിന് ———— എന്നാണർത്ഥം.

11 'എൻെറ കഥ' മാധവിക്കുട്ടിയുടെ ———— ആണ്.

12 മഹാകവി വള്ളത്തോൾ രചിച്ച മഹാകാവ്യത്തിൻെറ പേര് ———— എന്നാണ്.

(12 × ¼ = 3 weightage)

II. എല്ലാ ചോദ്യങ്ങൾക്കും ലഘുവായി ഉത്തരം എഴുതുക. ഓരോന്നിൻെറയും വെയിറ്റേജ് 1 :

13 "ഞായറാഴ്ചകളോട് ഭയങ്കര വിരോധമായിരുന്നു തനിക്ക് "—വിരോധത്തിനുള്ള കാരണമെന്ത് ?

14 കൃഷ്ണമൂർത്തിക്ക് 'ഡാക്കു' എന്ന പേര് ലഭിച്ചതെങ്ങനെ ?

15 ദൽഹി 1981-ൽ പ്രത്യക്ഷപ്പെടുന്ന തെമ്മാടികളുടെ പേരെന്ത് ?

16 "മൂന്നു മാസമെങ്കീ മൂന്നു മാസം നാട്ടിലൊരു സ്വൈര്യമുണ്ടായിരുന്നു"—വിവക്ഷയെന്ത് ?

17 'മാഞ്ഞുമറഞ്ഞ പൂക്കാല'ത്തിൽ കവി എന്തു നഷ്ടബോധമാണ് വിവരിക്കുന്നത് ?

18 യൗവ്വനത്തിൻേറതായി കവി പത്നിയിൽ ഇപ്പോഴും അവശേഷിക്കുന്നതെന്താണ് ?

19 കൈരളീയ പാടവഹീനയെന്നു പറയാൻ സാധിക്കാത്തതെന്തുകൊണ്ട് ?

20 "നടുക്കാമുറിയിൽ നനഞ്ഞിരിപ്പില്ലേ"—എന്ത് ?

21 വള്ളത്തോൾ രചിച്ച രണ്ടു ഖണ്ഡകാവ്യങ്ങളുടെ പേരെഴുതുക.

(9 × 1 = 9 weightage)

III. ഏതെങ്കിലും **അഞ്ചു** ചോദ്യത്തിന് ഓരോ ഖണ്ഡികയിൽ ഉത്തരം എഴുതുക. ഓരോന്നിൻെറയും വെയിറ്റേജ് 2 :

22 അമ്മ സഹതാപപൂർവ്വം രഘുവിനെ നോക്കിയതിനു കാരണമെന്ത് ?

23 പശിമയില്ലാത്ത, തീരെ ഫലപുഷ്ടിയില്ലാത്ത ഒരു തരിശു നിലംപോലെ നഗ്നമായി കിടക്കുകയായിരുന്നു അവളുടെ ഹൃദയം—വിവക്ഷിതം വ്യക്തമാക്കുക.

24 ആ നിമിഷം രാജീന്ദ്രർപാണ്ഡേയുടെ മുറി ഒരു വൻനഗരമായി രൂപാന്തരപ്പെടുന്നു—സന്ദർഭവും ആശയവും വിശദമാക്കുക.

25 പക്ഷേ അതിൽപ്പിന്നെ ഇന്നേവരെ എൻെറ ഭാര്യയല്ലാതെ വേറെ ഭാര്യവീട്ടുകാരാരും എന്നെ സമീപിച്ചിട്ടില്ല—പരാമർശിക്കപ്പെടുന്ന സംഗതിയെന്ത് ?

26 മലയാള ഭാഷ ദരിദ്രയല്ലെന്ന് വള്ളത്തോൾ സമർത്ഥിക്കുന്നതെങ്ങനെ ?

27 “ചിത്തമേ രാവിലേകാന്തത്തിൽ മങ്ങിയ

ചിത്തത്തിനെന്തിനു ചായം കൊടുപ്പു നീ”

—ചിത്രം ഏത് ? വിശദീകരിക്കുക.

28 “മഴവില്ലുപോലെ ചുവന്നും ചിരിച്ചും

വിടരും കുടയൊന്നെനിക്കുമുണ്ടല്ലോ ?”

—ആ കുടകൊണ്ടുള്ള പ്രയോജനങ്ങൾ എന്തൊക്കെ ?

(5 × 2 = 10 weightage)

IV. ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉപന്യാസം തയ്യാറാക്കുക. ഓരോന്നിൻെറയും വെയിറ്റേജ് 4 :

29 മനുഷ്യബന്ധങ്ങളുടെ സൂക്ഷ്മമായ ആവിഷ്കാരംകൊണ്ട് ശ്രദ്ധേയമായ നോവലാണ് വേരുകൾ —സമർത്ഥിക്കുക.

30 മലയാള ചെറുകഥയുടെ വികാസത്തിൻെറ വിഭിന്ന ഘട്ടങ്ങളെ പ്രതിനിധാനം ചെയ്യുന്ന രചനകളാണ് ആരാധന, വിവാഹപ്പിറ്റേന്ന്, ഡൽഹി 1981 എന്നിവ ചർച്ച ചെയ്യുക.

31 ജീവിത സംഘർഷത്തിൻെറ നാടകീയാവിഷ്കാരംകൊണ്ട് പ്രേക്ഷകശ്രദ്ധ പിടിച്ചു പറ്റുന്ന തിരക്കഥയാണ് പെരുവഴിയമ്പലം—പരിശോധിക്കുക.

(2 × 4 = 8 Weightage)

**C 82951** (Pages : 3) Name.........................

Reg. No.........................

...Arts & Science College... ...akkal, Malappuram

# SECOND SEMESTER B.Com./B.B.A. DEGREE EXAMINATION, MAY 2015

(CUCBCSS–UG)

Common Course—Malayalam

## MAL 2A 02 (1)—മലയാള സാഹിത്യപഠനം—II

Time : Three Hours Maximum : 80 Marks

I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക. ½ മാർക്ക് വീതം :

1 'കളങ്കമറ്റ കൈ' എന്ന കവിത രചിച്ചത് ആര് ?

2 ലങ്കാലക്ഷ്മി നാടകം ഏത് ഇതിഹാസ കൃതിയെ ഉപജീവിച്ച് രചിക്കപ്പെട്ടതാണ് ?

3 'സ്വരരാഗസുധ' ആരുടെ കവിതാസമാഹാരമാണ് ?

4 നാൽച്ചുവർക്കൂട്ടിന്നെന്തു
സുരക്ഷ ? ആകാശത്തിൽ
കൂർത്ത ദുർമുഖം കാട്ടാം
'പയ്യനോ' മറ്റാരാനോ ?

—പയ്യൻ എന്ന പദംകൊണ്ട് ഉദ്ദേശിക്കുന്നതെന്ത് ?

5 അവുസേപ്പു ചേട്ടനും കണ്ണൻ എന്ന കാളയും ഏത് കഥയിലെ കഥാപാത്രങ്ങളാണ് ?

6 'ഓരോ എഴുത്തുകാരിയുടെ ഉള്ളിലും' എന്ന കഥയിൽ കഥാകൃത്തിൻെറ അമ്മായിയുടെ പേരെന്ത് ?

7 'നീലക്കടലാസ്സിൽ പൊതിഞ്ഞ ഒരു പച്ചക്കുതിര' ഏത് കൃതിയുടെ ആദ്യത്തെ അദ്ധ്യായത്തിൻെറ പേരാണ് ?

8 'പച്ച വിരൽ' ആരുടെ കൃതിയാണ് ?

9 "ഇന്ന് ഘോഷാ ബഹിഷ്ക്കരണമോ അയിത്തോച്ചാടനമോ ആചാരപരിഷ്കണങ്ങളോ ഒന്നും വലിയ കാര്യങ്ങളല്ലായിരിക്കാം. പക്ഷെ, നാലു ദശകങ്ങൾക്കു മുമ്പ് അത് നേടിയെടുത്തപ്പോൾ മഹാസംഭവങ്ങൾ തന്നെയായിരുന്നു"—ആരുടേതാണ് ഈ നിരീക്ഷണം ?

10 കാരൂർ നീലകണ്ഠപിള്ളയ്ക്കു ശേഷം അദ്ധ്യാപക കഥകൾ അധികം എഴുതിയിട്ടുള്ള ഒരാളുടെ പേരെഴുതുക.

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്കു വീതം :

11 "കാട്ടുകെന്നുടെ കൊച്ചനിയത്തിയെ"—വ്യക്തമാക്കുക.

12 "കഷ്ടമപൂർണ്ണത കൊണ്ടെന്തിനിങ്ങനെ
കെട്ടിപ്പടുത്തതീ ലോകം"

—വിശദീകരിക്കുക.

**Turn over**

13 അതിലീ നന്മാത്മാവിൻ

പ്രാർത്ഥന കൂടിച്ചേരാ-

മറിയപ്പെടാത്തോതോ

സൂര്യരശ്മിയെപ്പോലെ !

—എന്തിനു വേണ്ടിയാണ് ഈ പ്രാർത്ഥന ?

14 ലങ്കാലക്ഷ്മിക്ക് വിധാതാവ് നൽകിയ കല്പനയെന്ത് ?

15 കണ്ണൻ എന്ന കാളയെ കഥാകൃത്ത് വിവരിച്ചിരിക്കുന്നതെങ്ങനെ ?

(5 × 2 = 10 marks)

III. നൂറ്റമ്പതു വാക്കിൽ കവിയാതെ ഏതെങ്കിലും **അഞ്ച്** ചോദ്യത്തിന് ഉത്തരമെഴുതുക. 5 മാർക്കു വീതം :

16 "വയ്യ ! ഭീകരമാണിത് ! എനിക്ക് സ്വസ്ഥതയും സമാധാനവും ആവശ്യമാണ് "—കഥാകാരി നേരിട്ട ഭീകരാന്തരീക്ഷത്തെപ്പറ്റി വിശദമാക്കുക.

17 സി.ജെ. തോമസും റോസി തോമസും സീ വ്യൂ ഹോട്ടലിൽ സംഗമിച്ചതിൻെറ അനുഭവം വിവരിക്കുക.

18 ലളിതാംബിക അന്തർജനത്തിന് മന്നത്തു പത്മനാഭനെക്കുറിച്ചുള്ള ഓർമ്മകൾ എന്തെല്ലാം ?

19 ആയിരം നാക്കുകളും പതിനാലായിരം ചോദ്യങ്ങളും അവിടെ ഉയർന്നു—എവിടെ ? എന്തായിരുന്നു സാഹചര്യം ?

20 ഇല്ല, വിടില്ലൊരു കൈയൊന്നു നോക്കാതെ

വെല്ലു വിളിപ്പൂ ഞാൻ നിന്നെ !

—ഈ ആത്മവിശ്വാസത്തിനു കാരണമെന്ത് ?

21 എൻെറയുമ്മറത്തിത്ര-

ദീനമായ് ക്കത്തും ദീപ-

മെന്തി നീയിരുൾ പിച്ചി-

ച്ചീന്തുവാൻ വിതുമ്പുന്നു ?

—വ്യാഖ്യാനിക്കുക.

22 ഏതു തേജസാ പൂജിതമല്ല നിൻ

നൂതനോദയസൗഭഗം ബാല്യമേ !

—വിവക്ഷിതമെന്ത് ?

(5 × 5 = 25 marks)

IV. മുന്നൂറു വാക്കിൽ കവിയാതെ ഏതെങ്കിലും **നാലു** ചോദ്യത്തിന് ഉത്തരമെഴുതുക. 10 മാർക്കു വീതം :

23 'കളങ്കമറ്റ കൈ' എന്ന കവിതയെ മുൻനിർത്തി ബാലാമണിയമ്മയുടെ മാതൃസങ്കല്പത്തെപ്പറ്റി ഉപന്യസിക്കുക.

24 'ലങ്കാലക്ഷ്മി'യിലെ രാവണൻ—കഥാപാത്ര നിരൂപണമെഴുതുക.

25 'ആരാമത്തിലെ ചിന്തകൾ' എന്ന കവിത ചങ്ങമ്പുഴയുടെ കാവ്യജീവിതത്തിൻെറ വിലയിരുത്തലാകുന്നതെങ്ങനെ ?

26 ഹിരോഷിമ സംഭവത്തോടുള്ള ഭാരതീയമായ കാഴ്ചപ്പാടാണ് വിജയലക്ഷ്മിയുടെ 'ഓഗസ്റ്റ് ആറിന്' എന്ന കവിത—ചർച്ച ചെയ്യുക.

27 'ഓരോ എഴുത്തുകാരിയുടെ ഉള്ളിലും' എന്ന കഥയ്ക്ക് ഒരു സ്ത്രീപക്ഷ വായന തയ്യാറാക്കുക.

28 മാനവികതയുടെ മഹാഖ്യാനമെന്ന നിലയിൽ 'ശബ്ദിക്കുന്ന കലപ്പ'യ്ക്ക് ഒരു പഠനമെഴുതുക.

29 "ഷേവു ചെയ്തു മുടിയും ചീകിയ ഒരു കാമുകൻ' എന്ന അദ്ധ്യായത്തിൽ റോസി തോമസ് അയവിറക്കുന്ന ഓർമ്മകൾ എന്തെല്ലാം ?

(4 × 10 = 40 marks)

**C 24690** (Pages : 3) Name.....................................

Reg. No.....................................

## SECOND SEMESTER B.Com./B.B.A. DEGREE EXAMINATION, MAY 2017

(CUCBCSS—UG)

Common Course—Malayalam

MAL 2A 02 (1)—മലയാള സാഹിത്യപഠനം—II

Time : Three Hours Maximum : 80 Marks

I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക. ½ മാർക്കു വീതം :

1 'കളിക്കൊട്ട്' ആരുടെ കവിതാസമാഹാരമാണ് ?

2 ജീവിത സമരത്തിന്റെ ഒടുവിൽ ആരു വന്ന് കഴുത്തിൽ മന്ദാരമാല്യം ചാർത്തുമെന്നാണ് ചങ്ങമ്പുഴ പ്രതീക്ഷിക്കുന്നത് ?

3 ഭൂമിക്കുവേണ്ടി തന്റെ നമ്രമായ ആത്മാവ് നടത്തുന്ന പ്രാർത്ഥനയ്ക്ക് വിജയലക്ഷ്മി നൽകുന്ന ഉപമാനം എന്ത് ?

4 കാളപ്രാന്തൻ എന്ന് അറിയപ്പെട്ടിരുന്ന കഥാപാത്രം ആര് ?

5 'നിനക്കങ്ങനെ ഒരമ്മായി ഇല്ല'—ആരാണ് ഇങ്ങനെ തർക്കിച്ചത് ?

6 'പുതിയ വാതിലുകൾ' ആരുടെ കഥാസമാഹാരമാണ് ?

7 രാമായണത്തെ ആസ്പദമാക്കി നാടകത്രയം രചിച്ച നാടകകൃത്ത് ആര് ?

8 ലളിതാംബിക അന്തർജ്ജനത്തിന്റെ അഭിപ്രായത്തിൽ ഒരു എഴുത്തുകാരനോ എഴുത്തുകാരിക്കോ അത്യാവശ്യമായി വേണ്ടതെന്ത് ?

9 'ഒൻപത് വർഷം മുമ്പ് ഞങ്ങളോടും ഈ ലോകത്തോടും എന്നെന്നേക്കുമായി യാത്ര പറഞ്ഞുപോയ ഒരു വ്യക്തിയുടെ പകുതിയായി ജീവിച്ച എനിക്ക് ഇതെഴുതുവാനുള്ള അവകാശം അദ്ദേഹം ജീവിച്ചിരിക്കുമ്പോൾ നിഷേധിച്ചതാണ്'—ആരുടെ വാക്കുകൾ ?

10 'പച്ചവിരൽ' ആരുടെ കൃതിയാണ് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്ക് വീതം :

11 'കളങ്കമറ്റ കൈ' എന്ന ശീർഷകം അർത്ഥമാക്കുന്നതെന്ത് ?

12 "മാടി വിളിക്കിലുമെത്തില്ലരികിലാ
മായാ സുഷമാ വിശേഷം"
—എന്തിനെപ്പറ്റിയാണ് ഈ പരാമർശം ?

Turn over

13 'ഇക്കുറി ശങ്കിക്കുന്നൂ വിളക്കിൻ മുന്നിൽ'—കാരണമെന്ത് ?

14 അടുത്ത കണ്ടത്തിലേക്ക് കൈയെടുത്തു കുത്തുമ്പോളായിരിക്കും അവുസേപ്പ് ചേട്ടൻ ഒരു വിട്ടുവീഴ്ച കണ്ണനോടാവശ്യപ്പെടുന്നത്—എന്താണത് ?

15 എന്റെ കാലിൽ മാംസത്തിൽ പൂണ്ടു കിടക്കുന്ന ഒരു പഞ്ചലോഹവളയുള്ളതായിരുന്നു കാരണം—വ്യക്തമാക്കുക.

(5 × 2 = 10 marks)

III. ഏതെങ്കിലും **അഞ്ച്** ചോദ്യത്തിന് നൂറ്റമ്പതു വാക്കിൽ കവിയാതെ ഉത്തരമെഴുതുക. 5 മാർക്ക് വീതം :

16 രാവണൻ വിഭീഷണനു നേരെ ഉയർത്തുന്ന ആരോപണങ്ങൾ എന്തെല്ലാം ?

17 എം.പി. പോളിന്റെ മകളും സി.ജെ. തോമസും വേണ്ടാതനത്തിനൊന്നും വന്നതല്ല—സന്ദർഭം വിശദീകരിക്കുക.

18 ലളിതാംബിക അന്തർജ്ജനം മന്നത്തു പത്മനാഭനെ അനുസ്മരിക്കുന്നതെങ്ങനെ ?

19 അനുജത്തിയെ തൊടാനും ലാളിക്കാനും മൂത്തകുട്ടി പ്രകടിപ്പിച്ച ആഗ്രഹത്തോട് അമ്മയുടെ പ്രതികരണമെന്തായിരുന്നു ?

20 "ഓമൽസ്സഖാക്കളേ, നിങ്ങളോടു കനി-

ഞ്ഞോതാനെനിക്കുണ്ടൊരല്പം"

—പറയാനുള്ളതെന്ത് ?

21 'ഓഗസ്റ്റ് ആറിന്' എന്ന കവിതയുടെ പശ്ചാത്തലമെഴുതി, 'പയ്യൻ' (Little Boy) എന്നാൽ എന്തെന്നു വിശദീകരിക്കുക.

22 കൃഷിക്കാരനും കാളയും പ്രധാന കഥാപാത്രങ്ങളാകുന്ന കഥയ്ക്ക് 'ശബ്ദിക്കുന്ന കലപ്പ' എന്ന ശീർഷകം എങ്ങനെ യോജിക്കുന്നുവെന്ന് പരിശോധിക്കുക.

(5 × 5 = 25 marks)

IV. ഏതെങ്കിലും **നാല്** ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോ ഉത്തരവും 300 വാക്കിൽ കവിയരുത്. 10 മാർക്ക് വീതം :

23 അമ്മയും മക്കളും, സഹോദരനും സഹോദരിയും—ഈ ബന്ധങ്ങളെ മുൻനിർത്തി 'കളങ്കമറ്റ കൈ' എന്ന കവിത ഉന്നയിക്കുന്ന പ്രശ്നങ്ങൾ എന്തെല്ലാം ?

24 'ആരാമത്തിലെ ചിന്തകൾ' എന്ന കവിതയെ ആധാരമാക്കി ചങ്ങമ്പുഴയുടെ ജീവിത ദർശനത്തെപ്പറ്റി ഉപന്യസിക്കുക.

25 'ഓഗസ്റ്റ് ആറിന് ' എന്ന കവിത ലോകത്തിനു നൽകുന്ന മുന്നറിയിപ്പുകൾ എന്തെല്ലാം ?

26 ഓരോ എഴുത്തികാരിയും ഉള്ളിൽ സൂക്ഷിക്കുന്ന ഒരു സങ്കല്പമാണ് മേബിൾ അമ്മായി. ആ കഥാപാത്രത്തെ എന്തിന്റെയെല്ലാം പ്രതീകമായി വ്യഖ്യാനിക്കാൻ കഴിയുമെന്ന് ചർച്ച ചെയ്യുക.

27 മനുഷ്യനെപ്പോലെ തിരിച്ചറിവുകളുള്ള ഒരു കഥാപാത്രമായിട്ടാണ് പൊൻകുന്നം വർക്കി കണ്ണൻ എന്ന കാളയെ ചിത്രീകരിച്ചിരിക്കുന്നത്—സന്ദർഭങ്ങൾ ഉദ്ധരിച്ച് സമർത്ഥിക്കുക.

28 തന്റെ ഉള്ളിൽ ഒരു എഴുത്തുകാരി രൂപപ്പെട്ടതെങ്ങനെ എന്ന അന്വേഷണത്തിനൊടുവിൽ ലളിതാംബിക അന്തർജനം കണ്ടെത്തിയതെന്തെല്ലാം ?

(4 × 10 = 40 marks)